ഇത്തരം സ്കൂളുകളിൽ 1 മുതൽ 7 വരെ ക്ലാസ്സുകളാണ് പ്രവർത്തിക്കുന്നത്.

(സി) 1950-ലാണ്.

(ഡി) നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം കാഴ്ച വൈകല്യമുള്ള വിദ്യാർത്ഥികൾക്ക് 7-ാം ക്ലാസ് വരെയാണ് സ്പെഷ്യൽ സ്കൂൾ സംവിധാനം നിലവിലുള്ളത്. ഹൈസ്കൂൾ വിഭാഗം വിദ്യാർത്ഥികൾക്ക് സംയോജിത വിദ്യാഭ്യാസ പദ്ധതി പ്രകാരമാണ് പഠനം നടത്തി വരുന്നത്.

മഞ്ചേശ്വരം ജി. പി. എം. ഗവൺമെന്റ് കോളേജിന് കെട്ടിടം പണിയുന്നതിന് നടപടി

184 [1539] ശ്രീ. ചെർക്കളം അബ്ദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം ജി. പി. എം. ഗവൺമെന്റ് കോളേജിന് ഇപ്പോൾ ആവശ്യമായ കെട്ടിടം പണിയുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ഇക്കാര്യത്തിൽ പുതിയ മറെന്തെങ്കിലും നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോ?

ഉത്തരം

(എ & ബി) മഞ്ചേശ്വരം ജി. പി. എം. ഗവൺമെന്റ് കോളേജിന് കെട്ടിടം പണിയുന്നതിന് ഈ വർഷത്തെ ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. 71 ലക്ഷം രൂപയുടെ എസ്റ്റിമേറ്റ് ചീഫ് എഞ്ചിനീയർ തയ്യാറാക്കി കോളേജ് വിദ്യാഭ്യാസ അധികൃതർക്ക് നൽകിയിട്ടുണ്ട്.

പ്രൊക്ഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ ആരംഭിക്കുമ്പോൾ പിന്നോക്ക ജില്ലകൾക്ക് പരിഗണന നൽകാൻ നടപടി

185 [1547] ശ്രീ. റോഷി അഗസ്റ്റിൻ:
,, കെ. നാരായണക്കുറുപ്പ്:
,, തോമസ് ചാഴികാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ പ്രൊക്ഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ അനുവദിക്കുമ്പോൾ പിന്നോക്ക ജില്ലകൾക്ക് കൂടുതൽ പരിഗണന നൽകാൻ നടപടി സ്വീകരിക്കുമോ;

(ബി) ഈ അദ്ധ്യയന വർഷംതന്നെ സ്കൂളുകൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) പുതിയ പ്രൊക്ഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾ തുടങ്ങുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. വിശദാംശങ്ങൾ തീരുമാനിച്ചിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly